(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗം വേർപെടുത്തി അതിന്റെ നിയന്ത്രണം മറ്റൊരു പ്രധാന അദ്ധ്യാപകന്റെ നിയന്ത്രണത്തിലാക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് പി.റ്റി.എ. നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ ആവശ്യം സംബന്ധിച്ച് നിവേദനമൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല, താലൂക്ക് തിരിച്ചുള്ള കണക്ക്

119 (1252) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്ളസ് ടൂ കോഴ്സുകൾ എന്നിവയുടെ ജില്ല, താലൂക്ക് എന്നിവ തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ ;

(ബി) 2000-2001 സാമ്പത്തിക വർഷം പുതിയ പ്ളസ് ടൂ സ്കൂളുകളും സാങ്കേതിക കോളേജുകളും ആരംഭിക്കുവാൻ അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. എവിടെയെല്ലാമെന്ന് തീരുമാനിച്ചിട്ടില്ല.

പ്ളസ്ടൂ അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾ

120 (1253) ശ്രീ. ജോർജ് ജെ. മാത്യു :
ഡോക്ടർ എം.എ. കുട്ടപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ് ടൂ അദ്ധ്യാപകരുടെ സർവ്വീസിനെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂളിന്റെ കരട് രൂപരേഖയെപ്പറ്റി ചർച്ച ചെയ്യുവാൻ ഗവൺമെന്റ് അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം 2000-ാമാണ്ടു ജനുവരിയിൽ വിളിച്ചു കൂട്ടുകയുണ്ടായോ ;

(ബി) ഈ ചർച്ചയിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(സി) ഈ ചർച്ച വിദ്യാഭ്യാസ സെക്രട്ടറി ബഹിഷ്ക്കരിച്ചുവോ ;

(ഡി) എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംഘടനകൾ തമ്മിൽ യോജിപ്പില്ലാത്തതിനാൽ ചർച്ച തീരുമാനമെടുക്കാതെ പിരിയേണ്ടി വന്നു.

(സി&ഡി) ക്രിയാത്മകമായ ചർച്ചകൾക്ക് സംഘടനകൾ തയ്യാറാവാത്തതുകൊണ്ട് വിദ്യാഭ്യാസ സെക്രട്ടറി നടപടികൾ നിറുത്തിവച്ച് ഇറങ്ങിപ്പോന്നു.

പ്ളസ്ടൂ കോഴ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡം

121 (1254) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി എത്ര സ്കൂളുകളിലാണ് പ്ളസ് ടൂ കോഴ്സ് ആരംഭിക്കുവാൻ പദ്ധതി ഇട്ടിട്ടുള്ളത് ; ഇതിൽ എത്ര സ്കൂളുകൾ സ്വകാര്യമേഖലയിലാണ് ;

(ബി) പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പ്ളസ് ടൂ കോഴ്സ് പുതുതായി അനുവദിക്കുമ്പോൾ ഇടുക്കി, വയനാട് തുടങ്ങിയ പിന്നോക്ക ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അടുത്ത അദ്ധ്യയന വർഷം (2000-2001) പ്ളസ് ടൂ അനുവദിക്കുന്നതിനായി സ്കൂളുകളിൽ നിന്നുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടേ യുള്ളൂ. അനുവദിക്കേണ്ട സ്കൂളുകളുടെ എണ്ണം തീരുമാനിച്ചിട്ടില്ല.

(ബി) പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് മുഖ്യമാനദണ്ഡം ഒരു പ്രദേശ ത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യകത, പിന്നോക്കാവസ്ഥ എന്നിവയാണ്. അതുകൂടാതെ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ (ലാബോറട്ടറി സൗകര്യം, ലൈബ്രറി സൗകര്യം, നിശ്ചിത വലിപ്പമുള്ള ക്ളാസ്സുമുറികൾ) എന്നിവയുള്ള സ്കൂളുകൾക്കേ പ്ളസ് ടൂ അനുവദിക്കാറുള്ളൂ. പ്രീഡിഗ്രി ബാച്ചുകൾ നിറുത്തലാക്കുമ്പോഴുള്ള ഒരു പ്രദേശത്തെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളും കണക്കിലെടുക്കാറുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കുന്ന നടപടി

122 (1256) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി. ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വിദ്യാഭ്യാസ വർഷത്തിൽ പ്രീഡിഗ്രി കോഴ്സ് പൂർണ്ണമായും നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അടുത്ത വർഷം മുതൽ പ്ളസ് ടൂ കോഴ്സിന് എത്ര സീറ്റുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly